**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബയോഗ്യാസ് പ്ലാന്റുകളുടെ സബ് സിഡി നിരക്ക് പുതുക്കി നിശ്ചയിച്ച് - സബ് സിഡി മാർഗ്ഗരേഖ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**3281/ 2018** /തസ്വഭവ തീയതി, തിരുവനന്തപുരം **31.12.2018**

പരാമർശം :- 1) സ.ഉ.(കൈ) നം. 22/ 2018/ തസ്വഭവ തീയതി 14/ 02/ 2018

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.11.2018- ലെ 2398/ D/ 2015/ SM നമ്പർ കത്ത്

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.18 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നംബർ 4.17

## ഉത്തരവ്

സൂചന (1) ലെ ഉത്തരവ് പ്രകാരം ബയോഗ്യാസ് പ്ലാന്റുകളുടെ സബ് സിഡി നിരക്ക് താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ഗാർഹികം/ സ്ഥാപനം/ കമ്മ്യൂണിറ്റി | സബ്സി ഡി ഗ്രാന്റ് | തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വിഹിതം | | ഗുണഭോക്തൃ വിഹിതം | മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം. പട്ടികജാതി വിഭാഗം 3 ലക്ഷം. പട്ടിക വർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| **ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ - ഗാർഹികതലം - കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്)** | | | | | | | | |
| 1) | (എ) പൊതു വിഭാഗം | യൂണിറ്റ് കോസ്റ്റി ന്റെ 50% | 25% | 25% മുതൽ 50% വരെ | ഇല്ല | പരമാവ ധി 25% | 50% | • അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും 20.09.2012- ലെ സ.ഉ.(കൈ)239/ 2012 ത.സ്വ.ഭവ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്. • അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന |
| | (ബി) പട്ടികജാതി / പട്ടികവർഗ്ഗം | യൂണിറ്റ് കോസ്റ്റി ന്റെ 75% | 37.5 % | 37.5% | ഇല്ല | പരമാവ ധി 37.5% | 25% | |

ഇതു പുതുക്കി നിശ്ചയിക്കണമെന്നും വരുമാന പരിധി എടുത്തു കളയണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.18 ൽ കൂടിയ യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ പരാമർശം (3) ലെ തീരുമാനപ്രകാരം ബയോഗ്യാസ് പ്ലാന്റുകളുടെ പുതുക്കിയ സബ് സിഡി നിരക്ക് 2019- 20 മുതൽ പ്രാവർത്തികമാക്കിയാൽ മതിയെന്ന നിബന്ധനയോടെ താഴെ പറയുന്ന പ്രകാരം സബ് സിഡി നിരക്ക് പുതുക്കി നിശ്ചയിച്ച് പരാമർശം (1) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു .

| ക്രമ നം | ഗാർഹികം/ സ്ഥാപനം/ കമ്മ്യൂണിറ്റി | സബ്സിഡി ഗ്രാന്റ് | തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വഹിതം | | ഗുണഭോക്തൃ വിഹിതം | മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| **ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ - ഗാർഹികതലം - കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്)** | | | | | | | | |
| 1) | (എ) വീടുകൾക്കുള്ള വിവിധ തരത്തിലുള്ള കമ്പോസ്റ്റിംഗ് യൂണിറ്റുകൾ | യൂണിറ്റ് കോസ്റ്റിന്റെ 90% | 60% മുതൽ 90 % വരെ | 60% മുതൽ 90 % വരെ | പരമാവധി 30% | പരമാവധി 30% | 10% | • അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും 20.09.2012- ലെ സ.ഉ. (കൈ)239/2012 ത.സ്വ.ഭവ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്. • അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന • ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അനുവദനീയമായ പരമാവധി സബ്സിഡിതുകയായ 7,200/- രൂപയ്ക്ക് അധികരിച്ച് വരുന്ന തുക ഗുണഭോക്താവ് വഹിക്കേണ്ടതാണ്. |
| | (ബി) ഗാർഹിക ബയോ ഗ്യാസ് പ്ലാന്റുകൾ | യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200/- രൂപ ഇതിലേതാണോ കുറവ് | 60% മുതൽ 90 % വരെ | 60% മുതൽ 90 % വരെ | പരമാവധി 30% | പരമാവധി 30% | 10% | |

പരാമർശം ഒന്നിലെ ഉത്തരവ് മേൽഭേദഗതിയോടെ നിലനൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പാറ്റ്സി സ്റ്റീഫൻ**

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:**- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**